# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 680 | 24/01/2018-ൽ മറുപടിക്ക്

### 10 ചെയിൻ മേഖലയിൽ ഉള്ളവർക്ക് പട്ടയം

| | ചോദ്യം<br><br>**ശ്രീ.എൻ. ഷംസുദ്ദീൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ 6 പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 10 ചെയിൻ മേഖലയിൽ ഉള്ളവർക്ക് പട്ടയം നൽകരുതെന്ന് വൈദ്യുതി ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | പ്രസ്തുത ശിപാർശ വൈദ്യുതി ബോർഡ് നൽകുവാനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ? | (സി) | ജലസംഭരണിയുടെ ജലനിരപ്പിന് മുകളിൽ 10 ചെയിൻ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടക്കുന്നത് മണ്ണൊലിപ്പിനും അതുവഴി ജലസംഭരണിയുടെ ശേഷിക്കുറവിനും കാരണമാകുമെന്നതാണ് ഇത്തരമൊരു ശുപാർശയ്ക്ക് കാരണമായത്. ഇതോടൊപ്പം മുല്ലപ്പെരിയാർ ഡാമിൽ നിന്നും കരകവിഞ്ഞൊഴുകുന്ന ജലം സംഭരിക്കുന്നതിനോടൊപ്പം പ്രസ്തുത ഡാമിന് എന്തെങ്കിലും കേട്ടുപാടുകൾ ഉണ്ടായാൽ ഉണ്ടാകുന്ന അധിക ജല പ്രവാഹം ഉൾക്കൊള്ളാനുള്ള ശേഷിയും ഇടുക്കി ജലസംഭരണിയിൽ നിലനിർത്തേണ്ടതുണ്ട്. ഈ പ്രാധാന്യവും ശുപാർശയിൽ കണക്കിലെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ